**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2055** **16-03-2022 - ൽ മറുപടിയ്ക്ക്**

**എറണാകുളത്ത് മോഡലുകളായ യുവതികൾ കാർ അപകടത്തിൽ മരണപ്പെട്ട സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | null<br>(മുഖ്യമന്ത്രി) | |
| (എ) | 2021 ഒക്ടോബർ 31-ന് എറണാകുളത്ത് മോഡലുകളായ യുവതികൾ കാർ അപകടത്തിൽ മരണപ്പെട്ട സംഭവത്തിലെ ദുരൂഹതകൾ നീക്കുന്നതിനായി അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ മോഡലുകളായ യുവതികളുടെ മരണത്തിനിടയാക്കിയ കാറിലെ ഡ്രൈവറായ, കേസിലെ ഒന്നാം പ്രതി അപകട സമയത്ത് മദ്യപിച്ചിരുന്നതായും രണ്ടാം പ്രതി മോഡലുകളുടെ വാഹനത്തെ പിൻതുടർന്ന് വാഹനം തടഞ്ഞതായും, കൊച്ചി No.18 ഹോട്ടലിന്റെ ഉടമയായ മൂന്നാം പ്രതി ജീവനക്കാരുടെ സഹായത്താൽ ഡി.ജെ പാർട്ടി നടന്ന സ്ഥലത്തെയും പാർക്കിംഗ് ഏരിയയിലെയും ദൃശ്യങ്ങൾ അടങ്ങിയ ഡി.വി.ആറിലെ ഹാർഡ് ഡിസ്ക് നീക്കം ചെയ്തു നശിപ്പിച്ചതായും അറിവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പാലാരിവട്ടം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1962/21 U/s 185(a) MV Act & 279, 304 r/w 109 and 354 (D)(1)(i) 201 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ പ്രതി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നാം പ്രതി അബ്ദുൾ റഹ്മാൻ, രണ്ടാം പ്രതി സൈജു എം. തങ്കച്ചൻ, മൂന്നാം പ്രതി റോയി ജെ വയലാട്ട്, നാലാം പ്രതി വിഷ്ണു കുമാർ എസ്., അഞ്ചാം പ്രതി മെൽവിൻ എ.ബി., ആറാം പ്രതി ലിൻസൺ റെസ്റ്റോൾഡ്, ഏഴാം പ്രതി ഷിജു ലാൽ ജി.എ., എട്ടാം പ്രതി അനിൽ കെ.കെ. എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഫോർട്ട് കൊച്ചിയിലെ ഹോട്ടലിൽ നടന്ന സംഭവ വികാസങ്ങളും പിന്നീടുണ്ടായിട്ടുള്ള വെളിപ്പെടുത്തലുകളും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. അപകടത്തിൽ മരണപ്പെട്ട മോഡലുകൾ 31.10.2021-ന് രാത്രി ഫോർട്ട് കൊച്ചി No-18 ഹോട്ടലിലെ ഡി.ജെ പാർട്ടിയിൽ പങ്കെടുത്തതായും ടിയാളുകൾ ഹോട്ടലിൽ നിന്ന് പോയ ശേഷം അപകടം നടന്നതായി അറിവ് കിട്ടിയ ഉടൻ തന്നെ ടി ഹോട്ടലിന്റെ ഉടമയും ഈ കേസിലെ മൂന്നാം പ്രതിയുമായ റോയി ജെ വയലാട്ട് ജീവനക്കാരുടെ സഹായത്താൽ സി.സി.ടി.വി ദൃശ്യങ്ങൾ അടങ്ങിയ ഡി.വി.ആറിലെ ഹാർഡ് ഡിസ്ക് നീക്കം |

| | | | |
|---|---|---|---|
| | | | ചെയ്യുകയും പകരം മറ്റൊരു ഹാർഡ് ഡിസ്ക് സ്ഥാപിച്ചതായി കണ്ടെത്തുകയും, തെളിവുകൾ നശിപ്പിക്കുന്നതിനാണ് ഇപ്രകാരം ചെയ്തതെന്ന് അന്വേഷണത്തിൽ വെളിവാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | അപകടത്തിൽപ്പെട്ട കാറിനെ പിന്തുടർന്ന ഓഡി കാറിന്റെ ഡ്രൈവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | മോഡലുകളുടെ കാറിനെ പിൻതുടർന്ന രണ്ടാം പ്രതി സൈജു. എം. തങ്കച്ചനെ 26.11.2021-ന് അറസ്റ്റ് ചെയ്തിട്ടുള്ളതും സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതിയുടെ മൊബൈൽ ഫോണിലെ ദൃശ്യങ്ങൾ കാണിച്ച് ചോദ്യം ചെയ്തതിൽ മയക്കു മരുന്നുകൾ ഉപയോഗിക്കുന്നതിന്റെ ദൃശ്യങ്ങളാണെന്ന് ടിയാൻ കുറ്റസമ്മതം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ NDPS ആക്ട് പ്രകാരം 9 കേസുകൾ കൂടി (കൊച്ചിൻ സിറ്റിയിൽ 8 കേസുകളും, ഇടുക്കി ജില്ലയിൽ 1 കേസും) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ